**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **23-08-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിന്റെ സമീപപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനത്തിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനത്താവളത്തിന്റെ സമീപപ്രദേശങ്ങളിൽ വീടും മറ്റ് കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് എയർപോർട്ട് അതോറിറ്റിയുടെ അനുമതി ആവശ്യമാണോ; എങ്കിൽ എത്ര കിലോമീറ്റർ ദൂരം വരെയാണ് ഈ അനുമതി ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കെട്ടിട നിർമ്മാണ ചട്ടം 5(4) പ്രകാരം കെട്ടിട നിർമ്മാണങ്ങൾക്ക് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ആവശ്യമുള്ള സംഗതികൾ താഴെ കൊടുക്കുന്നു.<br><br>Airport Reference Point-ൽ നിന്നും 20KM ചുറ്റളവിനുള്ളിലും അല്ലെങ്കിൽ ഓരോ എയർപോർട്ടിനും അംഗീകരിച്ച Colour Coded Zoning Map-ലെ നിബന്ധനകൾക്ക് അനുസൃതമായും അല്ലെങ്കിൽ കെട്ടിടത്തിന്റെ ഉയരം 150 മീറ്ററിൽ അധികരിക്കുന്ന സാഹചര്യത്തിലും എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.<br><br>കോഴിക്കോട് എയർപോർട്ടിന് അംഗീകരിച്ച Colour Coded Zoning Map നിലവിലുണ്ടെങ്കിൽ ആയതിലെ നിബന്ധനകൾക്ക് വിധേയമായി കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി ലഭ്യമാക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത അനുമതിക്ക് വേണ്ടി ആരെയാണ് സമീപിക്കേണ്ടത് എന്നും എങ്ങനെയാണ് അപേക്ഷിക്കേണ്ടതെന്നും ഏതെല്ലാം രേഖകൾ സമർപ്പിക്കണമെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | എയർപോർട്ട് അതോറിറ്റിയെയാണ് സമീപിക്കേണ്ടത്. ഇതു സംബന്ധിച്ച് വിവരങ്ങൾ എയർപോർട്ട് അതോറിറ്റിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്.<br><br>എയർപോർട്ട് അതോറിറ്റിയിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (സി) | ഇത്തരം അനുമതിക്കായി 2022 ജനുവരി മുതൽ എത്ര അപേക്ഷകൾ എയർപോർട്ട് അതോറിറ്റിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം സ്വീകരിച്ചെന്നും എത്രയെണ്ണം നിരസിച്ചെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | എയർപോർട്ട് അതോറിറ്റിയെയാണ് സമീപിക്കേണ്ടത്. ഇതു സംബന്ധിച്ച് വിവരങ്ങൾ എയർപോർട്ട് അതോറിറ്റിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്.<br><br>എയർപോർട്ട് അതോറിറ്റിയിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ഡി) | അനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് | (ഡി) | ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നപക്ഷം |

| | | | |
|---|---|---|---|
| | ജനങ്ങൾക്കുള്ള പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | | അനുമതി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ